പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

## പതിനേഴാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 3-ാം തീയതി സമർപ്പിച്ചത്)

(പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച
ആക്ഷൻ ടേക്കൺ റിപ്പോർട്ട്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

## പതിനേഴാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 3-ാം തീയതി സമർപ്പിച്ചത്)

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ
സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേൽ
സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

461/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം 1 | .. | 1 |
| അദ്ധ്യായം 2 | .. | 2 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)

### ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, അഡീഷണൽ സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009-11)-യുടെ പത്താമത് റിപ്പോർട്ട് 2008 ഡിസംബർ 18-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി സമിതി 22-12-2011, 2-7-2013 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലായി പരിഗണിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. ഉമ്മർ,**

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.

**പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009-2011)-യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

അദ്ധ്യായം 1

പന്ത്രണ്ടാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009-2011)-യുടെ പതിനെട്ടാമത് റിപ്പോർട്ട് 2011 ഫെബ്രുവരി 18-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. 1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1994-ലെ 16-ാം ആക്റ്റ്), 1974-ലെ കേരള കർഷക തൊഴിലാളി ആക്റ്റ് (1974-ലെ 18-ാം ആക്റ്റ്), 1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമ/ഫണ്ട് ആക്റ്റ് (1989-ലെ 19-ാം ആക്റ്റ്), 1975-ലെ കേരള ലേബർ വെൽഫയർ ഫണ്ട് ആക്റ്റ് (1977-ലെ 11-ാം ആക്റ്റ്), 1971-ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആക്റ്റ് (1971-ലെ 19-ാം ആക്റ്റ്), 1978-ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്റ്റ് (1980- ലെ 20-ാം ആക്റ്റ്) എന്നീ ആക്റ്റുകളിൻകീഴിൽ 2006, 2007 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ സമിതി വിശദമായി പരിശോധിക്കുകയും തെളിവെടുപ്പിന്റെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന പ്രസ്തുത റിപ്പോർട്ടിൽ 18 ശിപാർശകൾ ഉണ്ടായിരുന്നു. ഈ 18 ശിപാർശകളിൽ 3, 6, 8, 10, 11, 13, 15, 18, 20, 21, 22, 24, 36, 39, 42 എന്നീ ഖണ്ഡികകളിലെ 15 ശിപാർശകൾ തൊഴിൽ വകുപ്പുമായും 28, 31, 34 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ ഭവനനിർമ്മാണ വകുപ്പുമായും ബന്ധപ്പെട്ടവയാണ്. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 15 ശിപാർശകളിന്മേൽ ലഭിച്ച മറുപടി 2-7-2013-ൽ ചേർന്ന സമിതിയോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 28, 31, 34 എന്നീ ശിപാർശകൾക്ക് ഭവനനിർമ്മാണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി 22-12-2011-ൽ ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി (2009-2011)-യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ സമിതി ശിപാർശകളും അവയ്ക്ക് ലഭിച്ച സർക്കാർ മറുപടികളും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ എസ്.ആർ.ഒ.-കളിൽ വരുത്തിയ ഭേദഗതികളും തിരുത്തൽ വിജ്ഞാപനങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

461/2014.

## അദ്ധ്യായം 2

## സമിതി (2009-2011)-യുടെ പതിനെട്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാർ മറുപടികൾ എന്നിവ

### 3-ാം ഖണ്ഡികയിലെ ശിപാർശ

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ബോർഡിലെ സർക്കാർ പ്രതിനിധികളായ ഡയറക്ടർമാരെ ഇടയ്ക്കിടെമാറ്റി നിയമിക്കാനിടയാകുന്നതിന് സമിതി വിശദീകരണം ആവശ്യപ്പെടുന്നു. ബോർഡിലെ ഡയറക്ടർമാരെ മാറ്റി നിയമിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ അതിനുള്ള കാരണം എസ്.ആർ.ഒ.-യിൽ ചേർക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

### തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

സർക്കാർ പ്രതിനിധികളായ ബോർഡ് ഡയറക്ടർമാർ സ്ഥലംമാറി പോകുന്നതുമൂലവും സർവ്വീസിൽനിന്നും വിരമിക്കുന്നതുമൂലവുമാണ് അവരെ ഇടയ്ക്കിടെ മാറ്റി നിയമിക്കേണ്ടിവരുന്നതെന്ന് സമിതിയെ അറിയിക്കുന്നു. ഇനി മുതൽ ബോർഡ് ഡയറക്ടർമാരെ മാറ്റി നിയമിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ അതിനുള്ള കാരണം കൂടി എസ്.ആർ.ഒ-യിൽ ചേർക്കുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.

(7-1-2012-ലെ 12683/എച്ച്1/11/തൊഴിൽ നമ്പർ കത്തുമുഖേന ലഭിച്ചത്)

### 6-ാം ഖണ്ഡികയിലെ ശിപാർശ

ആക്ടിലെ വ്യവസ്ഥയ്ക്കു വിരുദ്ധമായി മൂന്ന് തൊഴിലുടമാപ്രതിനിധികളെ മാത്രം ബോർഡിലേക്ക് നാമനിർദ്ദേശം ചെയ്യാനിടയായതിന് സമിതി വിശദീകരണം ആവശ്യപ്പെടുകയും ബോർഡിലേക്ക് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നത് ആക്ടിലെ വ്യവസ്ഥ കർശനമായി പാലിച്ചുകൊണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

### തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

ബോർഡിലേക്ക് ഭാവിയിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നവേളയിൽ ആക്ടിൽ പറയുന്ന പ്രകാരമുള്ള അംഗസംഖ്യ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കുമെന്ന് സമിതിയെ അറിയിക്കുന്നു. നിയമപ്രകാരം ബാക്കി അംഗങ്ങളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു എന്ന വിവരം സമിതിയെ അറിയിക്കുന്നു.

(7-1-2012-ലെ 12683/എച്ച്1/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്)

### 8-ാം ഖണ്ഡികയിലെ ശിപാർശ

ക്ഷേമനിധി ബോർഡിലെ ഓരോ വിഭാഗത്തിൽപ്പെട്ട അംഗങ്ങളേയും ആക്ടിലെ ഏതു വകുപ്പു പ്രകാരമാണ് ബോർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അവരുടെ പേരിനൊപ്പം വിജ്ഞാപനത്തിൽ രേഖപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

ക്ഷേമനിധി ബോർഡിലെ ഓരോ വിഭാഗത്തിൽപ്പെട്ട അംഗങ്ങളേയും ആക്ടിലെ ഏതു വകുപ്പു പ്രകാരമാണ് ബോർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അവരുടെ പേരിനൊപ്പം വിജ്ഞാപനത്തിൽ രേഖപ്പെടുത്തുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.

(7-1-2012-ലെ 12683/എച്ച്1/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്)

10-ാം ഖണ്ഡികയിലെ ശിപാർശ

ബോർഡിലെ സർക്കാർ പ്രതിനിധികളുടെ വിഭാഗത്തിൽപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേര് ബോർഡ് പുനഃസംഘടിപ്പിച്ചു കൊണ്ടുള്ള വിജ്ഞാപനത്തിൽ ഉൾപ്പെടുത്താതിരുന്നത് ആക്ടിലെ വ്യവസ്ഥയ്ക്കു വിരുദ്ധ മാണെന്ന് സമിതി ചൂണ്ടിക്കാട്ടുകയും ബോർഡിലെ ചെയർമാന്റെയും ഡയറക്ടർ മാരുടെയും പേര് ഉൾപ്പെടുന്ന വിജ്ഞാപനത്തിൽ ബോർഡിലെ ഡയറക്ടറായ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരും ആക്ടിലെ 9(5) വകുപ്പു പ്രകാരം ഉൾപ്പെടുത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

ഇനി മുതൽ ബോർഡ് പുനഃസംഘടിപ്പിച്ച് വിജ്ഞാപനം ഇറക്കുമ്പോൾ ബോർഡിലെ ചെയർമാന്റെയും, ഡയറക്ടർമാരുടെയും പേര് ഉൾപ്പെടുത്തുന്ന വിജ്ഞാപനത്തിൽ ബോർഡിലെ ഡയറക്ടറായ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരും ആക്ടിലെ 9(5) വകുപ്പു പ്രകാരം ഉൾപ്പെടുത്തുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.

(7-1-2012-ലെ 12683/എച്ച്1/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്)

11-ാം ഖണ്ഡികയിലെ ശിപാർശ

ആക്ടിലെ സെക്ഷൻ 12(1) ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കുവാൻ ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും ആവശ്യമെന്ന് കരുതുന്നത്ര മറ്റ് ഉദ്യോഗസ്ഥന്മാരേയും ജീവനക്കാരേയും നിയമിക്കുന്നത് സംബന്ധിച്ചാണ്. ആക്ടിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഉദ്യോഗസ്ഥ ന്മാരേയും ജീവനക്കാരേയും നിയമിച്ചിട്ടുണ്ടോയെന്നതും ബോർഡിന്റെ കീഴിൽ സർവ്വീസിൽനിന്നും നേരിട്ടു നിയമനം നടത്തുന്നുണ്ടോയെന്നതും നിയമനത്തിൽ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്നതും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി തൊഴിൽ വകുപ്പിനോട് ആവശ്യപ്പെടുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറേയും അനുബന്ധ ജീവനക്കാരേയും നിയമിച്ചിട്ടുണ്ടെന്ന് സമിതിയെ അറിയിക്കുന്നു. കൂടാതെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെകീഴിൽ സർവ്വീസിൽനിന്നും നേരിട്ട് നിയമനം നടത്തു ന്നില്ലായെന്നും സർക്കാർ സർവ്വീസിലുള്ള ജീവനക്കാരിൽനിന്നും അന്യത്ര സേവന വ്യവസ്ഥ പ്രകാരമാണ് നിയമനം നടത്തുന്നതെന്നും സമിതിയെ അറിയിക്കുന്നു.

(7-1-2012-ലെ 12683/എച്ച്1/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്).

13-ാം ഖണ്ഡികയിലെ ശിപാർശ

ശ്രീമതി ബേബി കമല സർവ്വീസിൽനിന്നു വിരമിച്ച തീയതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതി കണ്ടെത്തി. സർക്കാർ പ്രതിനിധിയുടെ ഒഴിവ് എന്ന് നിലവിൽ വന്നു എന്നറിയുന്നതിന് സമാന സ്വഭാവമുള്ള എസ്.ആർ.ഒ.-കളിലേതുപോലെ വിരമിച്ച തീയതി വിശദീകരണക്കുറിപ്പിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

സർക്കാർ പ്രതിനിധി വിരമിച്ച ഒഴിവിൽ മറ്റൊരു സർക്കാർ പ്രതിനിധിയെ നിയമിക്കുമ്പോൾ സർവ്വീസിൽ നിന്നും വിരമിച്ച തീയതി വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതാണെന്ന് അറിയിക്കുന്നു.

(7-1-2012-ലെ 12683/എച്ച്1/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്)

15-ാം ഖണ്ഡികയിലെ ശിപാർശ

ആക്ടിലെ സെക്ഷൻ 3(2)(ഡി) പ്രകാരം ഇന്ത്യാ ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ ഏതെങ്കിലും സ്ഥാപനങ്ങളോ നൽകിയ ഗ്രാന്റുകളോ വായ്പകളോ മുൻകൂറുകളോ നിധിയിൽ വരവുകൊള്ളിക്കേണ്ടതാണ്. അത്തരം ധനസഹായം ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവ നിധിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ എന്നതും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ തൊഴിൽ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

കേരള തയ്യൽ തൊഴിലാളി ആക്റ്റ് സെക്ഷൻ 3(2)(ഡി) പ്രകാരം സംസ്ഥാന സർക്കാർ മുഖാന്തിരം ലഭിച്ചിട്ടുള്ള ഗ്രാന്റിനത്തിലുള്ള തുക ക്ഷേമനിധിയുടെ ഫണ്ട് അക്കൗണ്ടിൽ വരവുകൊള്ളിച്ചിട്ടുണ്ട്. 1996-ൽ പ്രവർത്തനം ആരംഭിച്ച കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നാളിതുവരെ (2010-2011 വർഷം വരെ) ഗ്രാന്റായി 4,21,48,840 രൂപ സർക്കാരിൽ നിന്നും ബോർഡിന് ലഭിച്ചിട്ടുണ്ടെന്ന് സമിതിയെ അറിയിക്കുന്നു.

(7-1-2012-ലെ 12683/എച്ച്1/11/തൊഴിൽ നമ്പർ കത്തുമുഖേന ലഭിച്ചത്)

18-ാം ഖണ്ഡികയിലെ ശിപാർശ

(എസ്.ആർ.ഒ. 176/2006 & 808/2006) എന്നീ രണ്ട് എസ്.ആർ.ഒ.-കൾ നിലവിലുള്ള അംഗം രാജിവെച്ച ഒഴിവിൽ മറ്റൊരാളെ നിയമിക്കുന്നതിനായുള്ളതാണ്. എന്നാൽ ഒഴിവുണ്ടായ തീയതി വിജ്ഞാപനത്തിലോ വിശദീകരണക്കുറിപ്പിലോ ഉൾപ്പെടുത്തിയിട്ടില്ലെന്ന് സമിതി കണ്ടെത്തി. ഇത്തരത്തിലുള്ള പിഴവ് സംഭവിക്കാനിടയായതിന് സമിതി തൊഴിൽ വകുപ്പിൽനിന്ന് വിശദീകരണം ആവശ്യപ്പെടുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

2005-ലെ 651-ാം നമ്പർ എസ്.ആർ.ഒ.-യിലും 2006-ലെ 176/2006 നമ്പർ എസ്.ആർ.ഒ-യിലും ഒഴിവുണ്ടായ തീയതി വിജ്ഞാപനത്തിലോ വിശദീകരണ കുറിപ്പിലോ ഉൾപ്പെടുത്തുന്നതിൽ സംഭവിച്ച പിഴവ് മനഃപൂർവ്വമായി സംഭവിച്ചത ല്ലെന്നും ഭാവിയിൽ ഇക്കാര്യം കൃത്യമായി ശ്രദ്ധിക്കുന്നതാണെന്നും അറിയിക്കുന്നു.

(21-4-2012-ലെ 16171/ആർ2/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്)

20-ാം ഖണ്ഡികയിലെ ശിപാർശ

ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി 'ഭൂവുടമ' എന്നതിനുപകരമായി 'തൊഴിലുടമ' എന്ന് 2005-ലെ 651, 2006-ലെ 176, 808 എന്നീ നമ്പർ എസ്.ആർ.ഒ.-കളിൽ ഉപയോഗിച്ചിരിക്കുന്നതിന് തൊഴിൽ വകുപ്പിൽനിന്ന് സമിതി വിശദീകരണം ആവശ്യപ്പെടുന്നു. മേൽപ്പറഞ്ഞ എസ്.ആർ.ഒ.-കളിൽ 'തൊഴിലുടമ' എന്ന് ചേർത്തിരി ക്കുന്നത് 'ഭൂവുടമ' എന്ന് തിരുത്തി വിജ്ഞാപനം ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

സമിതിയുടെ ശിപാർശ പ്രകാരം 2005-ലെ 651, 2006-ലെ 176, 808 എന്നീ നമ്പർ എസ്.ആർ.ഒ.-കളിൽ 'തൊഴിലുടമ' എന്ന് ചേർത്തിരിക്കുന്നത് 'ഭൂവുടമ' എന്ന് തിരുത്തി, 22-11-2011-ലെ 733/2011, 734/2011; 13-12-2011-ലെ 783/2011 എന്നീ എസ്.ആർ.ഒ. നമ്പരുകളായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ 150 പകർപ്പുകൾ വീതം 30-1-2012-ലെ കത്ത് മുഖേന നിയമസഭാ സെക്രട്ടറിക്കും 30 പകർപ്പുകൾവീതം സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ഉപയോഗ ത്തിനായും ലഭ്യമാക്കിയിട്ടുണ്ട് (അനുബന്ധം I, അനുബന്ധം II).

(30-1-2012-ലെ 16171/ആർ2/11/തൊഴിൽ നമ്പർ കത്തുമുഖേന ലഭിച്ചത്.)

21-ാം ഖണ്ഡികയിലെ ശിപാർശ

കേരള അബ്കാരി തൊഴിലാളി ക്ഷേമ ബോർഡിൽ തൊഴിലാളികളേയും തൊഴിലുടമകളേയും പ്രതിനിധീകരിച്ച് ഡയറക്ടർമാരെ നാമനിർദ്ദേശം ചെയ്യുന്ന തിനാണ് 2006-ലെ 735-ാം നമ്പർ എസ്.ആർ.ഒ. പുറപ്പെടുവിച്ചത്. അന്തരിച്ച ഒരു ഡയറക്ടർ ഉൾപ്പെടെ അഞ്ച് ഡയറക്ടർമാർക്ക് പകരം ഡയറക്ടർമാരെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ ഡയറക്ടർ അന്തരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒഴിവ് എന്നു നിലവിൽ വന്നു എന്നത് വ്യക്തമല്ലെന്ന് സമിതി വിലയിരുത്തി. ഡയറക്ടർ അന്തരിച്ച തീയതി വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ ഉൾപ്പെടുത്താത്തതിന് തൊഴിൽ വകുപ്പ് വിശദീകരണം നൽകേണ്ടതാണെന്ന് സമിതി ആവശ്യപ്പെടുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

13-10-2006- ലെ സ.ഉ.(സാധാ.) നമ്പർ 2413/2006/തൊഴിൽ വിജ്ഞാപനത്തിൽ അന്തരിച്ച ഒരു ഡയറക്ടർ ഉൾപ്പെടെ അഞ്ച് ഡയറക്ടർമാർക്ക് പകരം ഡയറക്ടർമാരെ ഉൾപ്പെടുത്തി ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം പരിശോധിച്ചതിൽനിന്നും ടി വിജ്ഞാപനത്തിന്റെ വിശദീകരണക്കുറിപ്പിൽ തൊഴിലുടമാ പ്രതിനിധിയായിരുന്ന പട്ടത്തുവിള ദാമോദരൻ അന്തരിച്ച തീയതി രേഖപ്പെടുത്താത്തത് മനഃപൂർവ്വമല്ലെന്നും അറിവില്ലായ്മ മുഖേന സംഭവിച്ച മേൽപ്പറഞ്ഞ തെറ്റ് മാപ്പാക്കണമെന്നും സമിതിമുമ്പാകെ അപേക്ഷിക്കുന്നു.

(8-6-2012-ലെ 16173/ആർ1/11/തൊഴിൽ നമ്പർ കത്തു മുഖേന ലഭിച്ചത്)

22-ാം ഖണ്ഡികയിലെ ശിപാർശ

കേരളാ ലേബർ വെൽഫയർ ഫണ്ട് ബോർഡിൽ സർക്കാർ പ്രതിനിധിയായി ധനകാര്യവകുപ്പ് അണ്ടർസെക്രട്ടറി ശ്രീമതി ടി. ഉഷാകുമാരിയെ നിയമിക്കുന്നതിനായാണ് മേൽപ്പറഞ്ഞ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. വിജ്ഞാപനത്തിൽ 'The Kerala Labour Welfare Fund Rules, 1977' എന്നത് 'The Kerala Labour Fund Rules, 1977' എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നതായി സമിതി കണ്ടെത്തി. ഈ ന്യൂനത പരിഹരിച്ച് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

11-5-2012-ലെ സ.ഉ(സാധാ.) 694/12/തൊഴിൽ പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം III)

(30-7-2012-ലെ 12075/ബി1/2011/തൊഴിൽ നമ്പർ കത്തുമുഖേന ലഭിച്ചത്).

24-ാം ഖണ്ഡികയിലെ ശിപാർശ

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ തൊഴിലുടമകളെ പ്രതിനിധീകരിച്ച് ശ്രീ. ബി. ചന്ദ്രശേഖരൻ നായരെ നിയമിച്ചുകൊണ്ടും ബോർഡിന്റെ ചെയർമാൻ സ്ഥാനത്തുനിന്നും വിരമിച്ച ശ്രീ. കെ. അബ്ദുൾഖാദറിന് പകരം അഡീഷണൽ സെക്രട്ടറി ശ്രീ. സി. മോഹനനെ നിയമിച്ചുകൊണ്ടുള്ളതുമാണ് 2006-ലെ 887-ാം നമ്പർ എസ്.ആർ.ഒ.

ചെയർമാൻ സ്ഥാനത്ത് നിന്ന് ശ്രീ. കെ. അബ്ദുൾ ഖാദർ രാജിവച്ച തീയതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും മുൻ വിജ്ഞാപനത്തിന്റെ സർക്കാർ ഉത്തരവ് നമ്പർ 'G.O.(Rt.) 1687/2004/LBR' എന്നത് 'G.O.(Rt.) 687/2004/LBR' എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നതായും സമിതി കണ്ടെത്തി. ചെയർമാൻ രാജിവച്ച തീയതി വിജ്ഞാപനത്തിലോ വിശദീകരണക്കുറിപ്പിലോ ഉൾപ്പെടുത്താത്തതിന് തൊഴിൽവകുപ്പ് വിശദീകരണം നൽകേണ്ടതാണെന്നും മുൻ വിജ്ഞാപനത്തിന്റെ സർക്കാർ ഉത്തരവ് നമ്പർ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തി വിജ്ഞാപനം ചെയ്യേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

4-5-2012-ലെ സ.ഉ(സാധാ) 683/2012/തൊഴിൽ ഉത്തരവ് പ്രകാരം തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം IV).

(30-7-2012-ലെ 12075/ബി1/2011/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്].

28-ാം ഖണ്ഡികയിലെ ശിപാർശ

2006-ലെ എസ്.ആർ.ഒ. തയ്യാറാക്കിയപ്പോൾ യഥാസമയം നിയമവകുപ്പിനോട് അഭിപ്രായം ആരായാതിരുന്നതിനും വിജ്ഞാപനത്തിൽ ചീഫ് ടൗൺ പ്ലാനറുടെ പേര് ഉൾപ്പെടുത്താതിരുന്നതിനും ഭവനനിർമ്മാണ വകുപ്പിനോട് സമിതി വിശദീകരണം ആരായുകയും ഇത്തരം ന്യൂനതകൾ ആവർത്തിക്കരുതെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഭവനനിർമ്മാണ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

നിലവിലുണ്ടായിരുന്ന ചീഫ് ടൗൺ പ്ലാനർ ശ്രീ. ജേക്കബ്ബ് ചെറിയാൻ വിരമിച്ച ഒഴിവിലേക്കാണ് പുതിയ ചീഫ് ടൗൺ പ്ലാനറെ നിയമിച്ചത്. ചീഫ് ടൗൺ പ്ലാനറുടെ പേര് ഉൾപ്പെടുത്താതെ ഉദ്യോഗപ്പേര് മാത്രം ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ച ഭവനനിർമ്മാണ വകുപ്പിന്റെ നടപടി മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

ഭാവിയിൽ സമാനസ്വഭാവമുള്ള S.R.O.-കളിൽ ഉദ്യോഗപ്പേരിനൊപ്പം വ്യക്തിയുടെ പേരുകൂടി ഉൾപ്പെടുത്തുന്നതും ഇത്തരം ന്യൂനതകൾ ആവർത്തിക്കുക യില്ലായെന്നുകൂടി അറിയിക്കുന്നു.

(22-8-2011-ലെ 2508/എ1/2011/ഭവനം നമ്പർ കത്തു മുഖേന ലഭിച്ചത്].

31-ാം ഖണ്ഡികയിലെ ശിപാർശ

ശ്രീ. എം. റഹ്മത്തുള്ളയെ നിയമിച്ച 2006-ലെ 606-ാം നമ്പർ എസ്.ആർ.ഒ.-യിൽ 2004-ലെ 662-ാം നമ്പർ എസ്.ആർ.ഒ.-യെ കുറിച്ച് പരാമർശിക്കേണ്ടിയിരുന്നു എന്ന് സമിതി അഭിപ്രായപ്പെടുകയും ഇപ്രകാരമുള്ള എല്ലാ എസ്.ആർ.ഒ.-കളിലും ഇനി മുതൽ ആ വിജ്ഞാപനവുമായി ബന്ധപ്പെട്ട് തൊട്ടുമുമ്പ് പുറത്തിറക്കിയ എസ്.ആർ.ഒ.-യുടെ വിവരം സൂചിപ്പിക്കേണ്ടതാണെന്ന് ഭവനനിർമ്മാണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

ഭവനനിർമ്മാണ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

അഡ്വ. എം. റഹ്മത്തുള്ളയെ ഭവനനിർമ്മാണ ബോർഡ് ചെയർമാനായി നിയമിച്ച 22-8-2006 തീയതിയിലെ 606/06 നമ്പർ എസ്.ആർ.ഒ.-യാണ് ഈ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നത്. പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ചപ്പോൾ ആയതിൽ തൊട്ടുമുൻപ് പുറത്തിറക്കിയ എസ്.ആർ.ഒ.-യുടെ വിവരം സൂചിപ്പിച്ചിരുന്നില്ല.

കേരള ഭവനനിർമ്മാണ ബോർഡ് ആക്ട് 6-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം ബോർഡ് ചെയർമാന്റെ ഔദ്യോഗിക കാലാവധി 3 വർഷക്കാലമാണ്. 22-6-2001 തീയതിയിലെ 633-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം ബോർഡിന്റെ

ചെയർമാനായിരുന്ന ശ്രീ. വി. ടി. സെബാസ്റ്റ്യൻ എന്നവരുടെ ഔദ്യോഗിക കാലാവധി 23-4-2004 ൽ അവസാനിക്കുകയും 25-6-2004 തീയതിയിലെ 662-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം ശ്രീ. വി. ടി. സെബാസ്റ്റ്യനെ 3 വർഷത്തേക്ക് കൂടി നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ ഭരണമാറ്റത്തെ തുടർന്ന് ശ്രീ. വി. ടി. സെബാസ്റ്റ്യൻ 16-5-2006-ന് രാജി വെച്ചു. തുടർന്ന് 22-8-2006-ലെ 606/06 നമ്പർ എസ്.ആർ.ഒ. പ്രകാരം ശ്രീ.റഹ്മത്തുള്ളയെ ഭവനനിർമ്മാണ ബോർഡ് ചെയർമാനായി നിയമിക്കുകയും ചെയ്തു.

ശ്രീ. റഹ്മത്തുള്ളയെ ഭവനനിർമ്മാണ ബോർഡ് ചെയർമാനായി നിയമിച്ച 22-8-2006-ലെ 606/06 എസ്.ആർ.ഒ.-യിൽ പ്രസ്തുത വിജ്ഞാപനവുമായി ബന്ധപ്പെട്ട് തൊട്ടുമുമ്പ് പുറത്തിറക്കിയ 25-6-2004 തീയതിയിലെ 662 എസ്.ആർ.ഒ.-യുടെ വിവരം സൂചിപ്പിക്കാതിരുന്നത് മാപ്പാക്കണമെന്നപേക്ഷിക്കുന്നു.

ഭാവിയിൽ സമാനസ്വഭാവമുള്ള എസ്.ആർ.ഒ.-കളിൽ പ്രസ്തുത എസ്.ആർ.ഒ.-കളുമായി ബന്ധപ്പെട്ട് തൊട്ടുമുൻപ് പുറത്തിറക്കിയ എസ്.ആർ.ഒ.-കളുടെ വിവരം കൂടി സൂചിപ്പിക്കുന്നതാണ്.

(22-8-2011-ലെ 2508/എ1/2011/ഭവനം നമ്പർ കത്തു മുഖേന ലഭിച്ചത്)

<u>34-ാം ഖണ്ഡികയിലെ ശിപാർശ</u>

2006-ലെ 787-ാം നമ്പർ എസ്.ആർ.ഒ. സംബന്ധിച്ച് എസ്.സി./എസ്.റ്റി. വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം നൽകാതിരുന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെടുകയും ബന്ധപ്പെട്ട വകുപ്പ് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക് കേരള ഹൗസിംഗ് ബോർഡ് ആക്ട് 4(സി) വകുപ്പ് പ്രകാരം അർഹമായ പ്രാതിനിധ്യം നൽകി നിയമപ്രകാരമുള്ള നിശ്ചിത എണ്ണം അംഗങ്ങളെ ഉൾപ്പെടുത്തി അപ്രകാരം രേഖപ്പെടുത്തി, വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഭവനനിർമ്മാണ വകുപ്പിൽനിന്ന് ലഭിച്ച മറുപടി</u>

1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്ട് 4, 5, 6 എന്നീ വകുപ്പുകളനുസരിച്ച് ശ്രീ. എം. റഹ്മത്തുള്ളയെ ചെയർമാനാക്കി ഭവനനിർമ്മാണ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച 9-11-2006-ലെ 787/06 നമ്പർ എസ്.ആർ.ഒ-യ്ക്ക് ആധാരമായ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 37/2006/Hsg. ആണ് ഈ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നത്.

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആക്ട് 4(c) പ്രകാരം ചെയർമാനുൾപ്പെടെ 11 അനൗദ്യോഗിക അംഗങ്ങളെയാണ് സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടത്. എന്നാൽ 9-11-2006 തീയതിയിലെ 37/2006 നമ്പർ ജി.ഒ. പ്രകാരം ചെയർമാൻ ഉൾപ്പെടെ 7 അനൗദ്യോഗിക അംഗങ്ങളെ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ. അനൗദ്യോഗിക അംഗങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ഒരാൾ ഉൾപ്പെട്ടിരുന്നു. മുഴുവൻ അനൗദ്യോഗിക അംഗങ്ങളെയും നാമനിർദ്ദേശം ചെയ്യാതിരുന്നതിനാലാണ്

പട്ടികവർഗ്ഗ വിഭാഗത്തിന് പ്രാതിനിധ്യം ലഭിക്കാതിരുന്നത്. എന്നാൽ, 11-10-2007-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 32/2007 പ്രകാരം ശ്രീമതി ഈശ്വരിരേശൻ എന്നയാളെ അനൗദ്യോഗിക അംഗമായി ഉൾപ്പെടുത്തി. ശ്രീമതി ഈശ്വരിരേശൻ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യക്തിയാണ്.

ഹൗസിംഗ് ബോർഡ് ആക്ട് 4(C) പ്രകാരമുള്ള എല്ലാ നടപടികളും പ്രസ്തുത നിയമം അനുശാസിക്കുന്ന വിധത്തിൽത്തന്നെ പൂർത്തിയാക്കിയിട്ടുണ്ട് എന്നുള്ള വിവരവും ബോധിപ്പിക്കുന്നു.

(22-8-2011-ലെ 2508/എ1/2011/ഭവനം നമ്പർ കത്തുമുഖേന ലഭിച്ചത്)

<u>36-ാം ഖണ്ഡികയിലെ ശിപാർശ</u>

ശ്രീ. കെ. വിജയകുമാറിനെ അംഗമായി നിയമിക്കുന്നതിനുള്ള ഒഴിവ് എന്ന് നിലവിൽ വന്നു എന്ന് എസ്.ആർ.ഒ.-യിലോ വിശദീകരണ കുറിപ്പിലോ സൂചിപ്പിച്ചിട്ടില്ലെന്ന് സമിതി കണ്ടെത്തി. ശ്രീ. കെ. വിജയകുമാറിനെ അംഗമായി നിയമിക്കുന്നതിനുള്ള ഒഴിവ് ബോർഡിൽ നിലവിൽവന്ന തീയതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്താത്തതിന് സമിതി വിശദീകരണം ആരായുകയും ഒഴിവ് നിലവിൽവന്ന തീയതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

<u>തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി</u>

നിയമസഭാ സമിതി ശിപാർശ പ്രകാരം കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിൽ ശ്രീ. കെ. വിജയകുമാറിനെ അംഗമായി നിയമിക്കുന്നതിനായുള്ള ഒഴിവ് നിലവിൽവന്ന തീയതി ഉൾപ്പെടുത്തി ജി.ഒ.(ആർറ്റി.) നമ്പർ 1868/11/തൊഴിൽ തീയതി 21-12-2011 ആയി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി സമിതിയെ അറിയിക്കുന്നു (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം V).

(31-3-2012-ലെ 11945/എച്ച്3/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്).

<u>39-ാം ഖണ്ഡികയിലെ ശിപാർശ</u>

ആക്ട് നിലവിൽ വന്നതിനുശേഷം അതിൻപ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിൽ കാലതാമസം ഉണ്ടായതിന് സമിതി തൊഴിൽവകുപ്പിനോട് വിശദീകരണം ആവശ്യപ്പെടുന്നു. ഇത്തരം കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്യുന്നു.

<u>തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി</u>

ആക്ട് നിലവിൽ വന്നതിനുശേഷം അതിൻപ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് സമിതിയെ അറിയിക്കുന്നു.

(31-3-2012-ലെ 11945/എച്ച്3/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്).

42-ാം ഖണ്ഡികയിലെ ശിപാർശ

തിരുവനന്തപുരം ഹെഡ് ലോഡ് വർക്കേഴ്സ് റഗുലേറ്ററി ആന്റ് വെൽഫെയർ അതോറിറ്റിയിലെ സർക്കാർ പ്രതിനിധിയായി ശ്രീ. എം. സലീമിനെ നിയമിച്ച ഒഴിവ് നിലവിൽവന്ന തീയതി വിജ്ഞാപനത്തിൽ ഉൾപ്പെടുത്താത്തതിന് സമിതി തൊഴിൽ വകുപ്പിനോട് വിശദീകരണം ആരായുകയും ഇത്തരം ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് തൊഴിൽ വകുപ്പിനോട് ശിപാർശ ചെയ്യുകയും ചെയ്യുന്നു.

തൊഴിൽ വകുപ്പിൽനിന്ന് ലഭിച്ച മറുപടി

സർക്കാർ പ്രതിനിധികളെ ബോർഡിൽ പ്രതിനിധിയായി നിയമിക്കുന്ന ഒഴിവ് നിലവിൽവന്ന തീയതി ഇനിമുതൽ വിജ്ഞാപനമിറക്കുമ്പോൾ ഉൾപ്പെടുത്തുന്നതാണെന്നും ന്യൂനതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും സമിതിയെ അറിയിക്കുന്നു.

(31-3-2012-ലെ 11945/എച്ച്3/11/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്).

**എം. ഉമ്മർ,**

*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 3.